**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :566**

**8/08/2017 ൽ മറുപടിയ്ക്ക്**

## സംസ്ഥാന ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**
**ശ്രീ.സി.കൃഷ്ണൻ**
**ശ്രീസി.കെ.ഹരീന്ദ്രൻ**
**ശ്രീ.ഒ.ആർ.കേളു**
**ശ്രീ.പുരുഷൻ കടലുണ്ടി**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | കേരള സംസ്ഥാനത്ത് ഖാദി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴിയാണ്. ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി കുറഞ്ഞ ശാരീരിക ആയാസം മാത്രം ആവശ്യമുള്ള ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ , അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ , തൊഴിലാളികൾക്ക് മിനിമം കൂലി , ഉത്സവബത്ത , ഉല്പാദന ഇൻസെന്റീവ് , ഇ.എസ്. ഐ , ക്ഷേമനിധി ആനുകൂല്യങ്ങൾ , മുതലായവ ഏർപ്പെടുത്തൽ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ , കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി , തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ട്രീറ്റ് വീവിംഗ് , ഖാദി ഗ്രാമം പോലുള്ള ബൃഹത് പദ്ധതികൾ , ഖാദി മേഖലയിൽ ക്ലസ്റ്റർ , |

| | | | |
|---|---|---|---|
| | | | സ്റ്റർട്ടി പദ്ധതികൾ , സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ , ഖാദിയിലെ വൈവിദ്ധ്യവൽക്കരണം മുതലായവ പരമ്പരാഗത മേഖലയായ ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള കർമ്മ പദ്ധതികളായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തവണ ഓണം സീസണിൽ ഖാദിയുടെ വിപണന മേള സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (ബി) | 2017 ഓണം - ബക്രിദ് ഉത്സവ കാലത്ത് സംസ്ഥാനത്തുടനീളം വിപണന മേളകൾ ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്നുണ്ട്. ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ 30% റിബേറ്റ് ഖാദിക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് ക്രഡിറ്റ് സൌകര്യം , കസ്റ്റമേഴ്സിന് സമ്മാന പദ്ധതി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഖാദി ബോർഡിൽ വിപണന രംഗത്ത് ഓൺലൈൻ ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (സി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നേരിട്ട് നടത്തുന്ന ഖാദി ഗ്രാമസൌഭാഗ്യകളിൽ ഓൺലൈൻ ബില്ലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ